## 502

1 മരണം ജയിച്ച വീരാ! എൻ കർത്താവാം യേശുവേ!
എന്റെ മരണവും തീരെ വിഴുങ്ങിയ ജീവനേ!
നിന്റെ ജീവൻ എന്നിൽ വേണം വേ സ്വന്ത ജീവിതം
നീ എന്നുള്ളിൽ വസിക്കേണം എന്നത്രേ എൻ താൽപര്യം-

2 ലോകത്തിനും പാപത്തിനും ക്രൂശിൻമേൽ ഞാൻ മരിച്ചു
ജീവന്റെ പുതുക്കത്തിനും നിന്നെയത്രേ ധരിച്ചു
സ്വർഗ്ഗത്തിലിപ്പോളെൻ ജീവൻ യേശു താനെൻ പാർപ്പിടം
ഉന്നതങ്ങളിൽ ഈ ഹീനൻ വാഴുന്നെന്തോരാശ്ചര്യം!

3 ജീവവെള്ളം ഒഴുകുന്നു നനയ്ക്കുന്നെൻ ഹൃദയം
പുഷ്പങ്ങളായ് പുഷ്പിക്കുന്നു ശാന്തിസ്നേഹം ആനന്ദം
ഇതെൻ പ്രിയന്നുള്ളതോട്ടം ഇതിൽ നടക്കുന്നു താൻ
രാവും പകലും തൻനോട്ടം ഉതിമ്മേൽ കാക്കുവാൻ-

4 നിന്റെ ശക്തി എന്റെ ശക്തി എല്ലാറ്റിലും മതി ഞാൻ
നിന്റെ ഭക്തി എന്റെ ഭക്തി ഹാ! നിന്നിൽ ഞാൻ ധനവാൻ
എന്റെ പ്രിയനെനിക്കുള്ളോൻ അവനുള്ളോൻ ഞാനുമായ്
ക്രൂശിൽ സ്വന്തരക്തം തന്നോൻ എന്നെ വാങ്ങി തനിക്കായ്-

5 യേശു എൻ വിശ്വാസക്കണ്ണു കാത്തു സൂക്ഷിക്കേണമേ
അതിൽ ഇഹലോകമണ്ണു വീണുമയക്കരുതേ-
സാത്താൻ ഓരോ ചിന്തകളെ ഈച്ചകളെ എന്നപോൽ
അയച്ചാൽ കൺപോളകളെ ഉടൻ നീ അടച്ചുകൊൾ-

6 ലോകം വേ ഒന്നും വേ മതി യേശു എനിക്കു
സാത്താനേ നീ ആശിക്കോ കൊുപോ നിൻ ചരക്കു
കഴുപോലെ പറക്കുന്നു മേലോട്ടു എൻ ഹൃദയം
ഭൂമി താഴെ കിടക്കുന്നു ദൂരെ അതിൻ അശുദ്ധം-

7 യേശുവേ നീ ജീവിക്കുന്നു ഞാനും എന്നും ജീവിക്കും
നിത്യജീവൻ നിന്നിൽ നിന്ന് എന്നിൽ എന്നും ഒഴുകും
സ്വർഗ്ഗത്തിൽ നീ ഇരിക്കുന്നു വേഗം ഞാനും ഇരിക്കും
സ്നേഹത്തിൻ സംസർഗ്ഗത്തിന്നു നിന്റെ കൂടെ വസിക്കും- **V.N.**